താമസക്കാരൻ
<<കൂട്ടിച്ചേർക്കുക_വഴി>>
< <പട്ടണം>>
< <പോസ്റ്റ്കോഡ്>>
<<ഐഡി>>

## നിങ്ങളുടെ വീട്ടിൽ 2024 ജൂലൈ 2ന് 11 വയസ്സോ അതിൽ താഴെയോ പ്രായമാകുന്ന കുട്ടി ഉണ്ടോ? താങ്കൾ വടക്കൻ അയര്ലന്ഡിന്റെ ശിശു പരിപാലന സർവ്വേ പൂർത്തീകരിച്ചോ ?




നിങ്ങൾക്ക്, നിങ്ങളെയും, നിങ്ങളുടെ ശിശു പരിപാലന ക്രമീകരണങ്ങളെയും കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകിക്കൊണ്ട് മാതാപിതാക്കളുടെയും രക്ഷാകർത്താക്കളുടെയും ആവശ്യങ്ങൾ മനസിലാക്കാൻ വിദ്യാഭ്യാസ വകുപ്പിനെ സഹായിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ കഴിയും.

ഉടനടി സർവേ പൂർത്തിയാക്കുന്നതിന് **ഓരോ കുടുംബത്തിനും £10 ന്റെ സമ്മാന രസീത് നിങ്ങളുടെ** സമയത്തിന് നന്ദിയായി ലഭിക്കും.

എങ്ങനെ എടുക്കാം

**QR കോഡ് സ്കാൻ ചെയ്യുക അല്ലെങ്കിൽ ഈ ലിങ്കിൽ പോവുക:**

**www.nisra.gov.uk/statistics/find-your-survey/childcare-**
**'ആരംഭിക്കുക'** തിരഞ്ഞെടുത്ത് നിങ്ങളുടെ തനതായ ആക്സസ് കോഡ് നൽകുക

ചോദ്യങ്ങൾക്ക് ഉത്തരം നൽകുക, തുടർന്ന് **'സർവേ പൂർത്തിയാക്കി സമർപ്പിക്കുക'** തിരഞ്ഞെടുക്കുക

നിങ്ങളുടെ തദ്ദേശീയ പോസ്റ്റ് ഓഫീസ് ബ്രാഞ്ചിൽ നിന്ന് £10 സമ്മാന തുക ക്ലെയിം ചെയ്യുക.

**നന്ദി**



**ഫിലിപ്പ് വെയിൽസ്**
**ചീഫ് എക്സിക്യൂട്ടീവ്, നിസ്ര (NISRA)**

നിങ്ങളുടെ വിവരങ്ങൾ നിയമപ്രകാരം പരിരക്ഷിക്കപ്പെടുന്നു.

## എന്നോട് പങ്കെടുക്കാൻ ആവശ്യപ്പെട്ടത് എന്തുകൊണ്ടാണ്?

വടക്കൻ അയർലണ്ടിലെ പാർപ്പിട വിലാസങ്ങളുടെ ഒരു ഡാറ്റാബേസിൽ നിന്ന് നിങ്ങളുടെ വിലാസം ക്രമരഹിതമായി തിരഞ്ഞെടുക്കപ്പെട്ടത് കൊണ്ട്.

## ഞാൻ എന്തിന് പങ്കെടുക്കണം?

ഈ സർവ്വേ കുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും സംരക്ഷകരിൽ നിന്നും നേരിട്ട് അവരുടെ ശിശു പരിപാലന ക്രമീകരണങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെടുന്നു. ഞങ്ങളുടെ സ്ഥിതിവിവരക്കണക്കുകളിൽ വടക്കൻ അയർലണ്ടിൽ ഉടനീളം വീടുകളിൽ എന്താണ് സംഭവിക്കുന്നതെന്ന് കൃത്യമായി പ്രതിഫലിപ്പിക്കുന്നതിന് ഞങ്ങൾക്ക് കഴിയുന്നത്ര ആളുകളെ കേൾക്കേണ്ടത് പ്രധാനമാണ്.

ബുദ്ധിമുട്ടുള്ള ചോദ്യങ്ങളൊന്നുമില്ല, ഉത്തരങ്ങളിൽ ശരിയോ തെറ്റോ ഇല്ല – ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട നിങ്ങളുടെ സാഹചര്യങ്ങളെക്കുറിച്ച് അറിയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## ഞങ്ങൾ ആരാണ്?

ഞങ്ങൾ നോർത്തേൺ അയർലൻഡ് സ്റ്റാറ്റിസ്റ്റിക്സ് & റിസർച്ച് ഏജൻസിയാണ് (NISRA). പ്രസ്തുത ഏജൻസി വടക്കൻ അയർലണ്ടിലെ ഔദ്യോഗിക സ്ഥിതിവിവരക്കണക്കുകളുടെയും സാമൂഹിക ഗവേഷണത്തിന്റെയും പ്രധാന ഉറവിടമാണ്. ഞങ്ങൾ പൊതു നയത്തെയും ഗവേഷണത്തെയും കുറിച്ച് അറിയിക്കുകയും

വിശാലമായ സമൂഹത്തിൽ സംവാദത്തിന് സംഭാവന നൽകാൻ സഹായിക്കുക്കുകയും ചെയ്യുന്നു.

ജനറൽ രജിസ്റ്റർ ഓഫീസിന്റെ ചുമതല വഹിക്കുന്നതും കൂടാതെ പത്ത് വർഷത്തിലൊരിക്കൽ ജനസംഖ്യാ കണക്കെടുപ്പു നടത്തുന്നതും ഈ ഏജൻസിയാണ്.

വിദ്യാഭ്യാസ വകുപ്പിന് (DE) മാതാപിതാക്കളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും സമഗ്രമായ വിവരങ്ങൾ ശേഖരിക്കുന്നതിന് സഹായിക്കുന്നതിനായി NISRA വികസിപ്പിച്ചെടുത്തതാണ് നോർത്തേൺ അയർലൻഡ് ചൈൽഡ് കെയർ സർവേ. ആത്യന്തികമായി ഈ വിവരങ്ങൾ ഡിപ്പാർട്ട്മെൻ്റിനെ തെളിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ള കുട്ടികളുടെ ആദ്യകാല പഠനത്തെയും, സംരക്ഷണത്തെയും കുറിച്ച് തന്ത്രപരമായ തീരുമാനങ്ങൾ എടുക്കാൻ സഹായിക്കും. ഒപ്പം ഇത് മറ്റ് സർക്കാർ വകുപ്പുകൾക്കും ഉപയോഗപ്രദമാകും.

## രഹസ്യാത്മകതയും ഡാറ്റ സംരക്ഷണവും എന്താണ്?

നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ രഹസ്യമായി തുടരും.

ഞങ്ങൾ ഡാറ്റാ പ്രൊട്ടക്ഷൻ ആക്ട് 2018 അനുസരിക്കുന്നു, കൂടാതെ നിങ്ങൾക്ക് ശിശു പരിപാലന സർവേ സ്വകാര്യതാ അറിയിപ്പ് ഇവിടെ കാണാൻ കഴിയും: **https://www.nisra.gov.uk/childcare-survey-privacy-notice**.

ഞങ്ങൾക്ക് ലഭിക്കുന്ന എല്ലാ പ്രതികരണങ്ങളുമായി നിങ്ങളുടെ ഉത്തരങ്ങൾ സർവേയിൽ നിന്ന് സംയോജിപ്പിച്ച് വിദ്യാഭ്യാസ വകുപ്പിനും മറ്റ് സർക്കാർ വകുപ്പുകൾക്കും ആവശ്യമായ സ്ഥിതിവിവര റിപ്പോർട്ടുകൾ തയ്യാറാക്കും. ആരെയും തിരിച്ചറിയാൻ ഉതകുന്ന തരത്തിലുള്ള ഫലങ്ങൾ ഞങ്ങൾ ഒരിക്കലും പ്രസിദ്ധീകരിക്കില്ല.